1996-97	8.68%
1997-98	12.44%
1998-99	12.09%

(സി) ഇതിൽ മുഴുവൻ തുകയും റവന്യൂ അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മലപ്പുറം ജില്ലാ മെഡിക്കൽ ഇൻഷ്വറൻസ് ഓഫീസ്

52(1875) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജില്ലാ മെഡിക്കൽ ഇൻഷ്വറൻസ് ഓഫീസ് മലപ്പുറത്തേക്ക് മാറ്റിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ട്;

(സി) ഇപ്രകാരം മാറ്റാനായി ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരാണ് ആവശ്യപ്പെട്ടത് എന്നറിയിക്കുമോ;

(ഡി) പ്രസ്തുത ഓഫീസ് മഞ്ചേരിയിൽ തന്നെ പുനഃസ്ഥാപിക്കാൻ അധികൃതർക്ക് വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ജില്ലാ മെഡിക്കൽ ഇൻഷ്വറൻസ് ഓഫീസോ, ഡിസ്പെൻസറിയോ പ്രവർത്തിച്ചിരുന്നില്ല.

(ബി)-(ഡി) ഉദിക്കുന്നില്ല.

വ്യാപാരി ക്ഷേമനിധി ബോർഡ്

53 (1876)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വ്യാപാരിക്ഷേമനിധി ബോർഡ് നിലവിലുണ്ടോ; എവിടെയാണ് ഇതിന്റെ ആസ്ഥാനം ഇതിന്റെ ചെയർമാൻ ഇപ്പോൾ ആരാണ്; ഇതിന്റെ അവസാനത്തെ ബോർഡ് മീറ്റിംഗ് നടന്നതെപ്പോഴാണ്;

(ബി) ബോർഡിന്റെയോ ക്ലെയിംസ് കമ്മിറ്റിയുടെയോ അനുവാദമില്ലാതെ ചീഫ് എക്സിക്യൂട്ടീവിന് ക്ലെയിമിന്മേൽ അന്വേഷണം നടത്തുവാൻ അധികാരമുണ്ടോ;

(സി) ബോർഡിലെ നിയമനങ്ങളിൽ സംവരണം പാലിക്കാറുണ്ടോ; ഒഴിവുള്ള തസ്തികകളിൽ നിയമനം വൈകുന്നതിന്റെ കാരണമെന്താണ്;

(ഡി) ഇപ്പോൾ ദിവസക്കൂലിയിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാർ ഇവിടെയുണ്ട്; ഇവരെ സ്ഥിരപ്പെടുത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ബോർഡിന്റെ കാലാവധി 18.6.99-ൽ അവസാനിച്ചു. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. ബോർഡിന്റെ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്-ഒഫിഷ്യോ ചെയർമാൻ ബഹു.ധനകാര്യ വകുപ്പുമന്ത്രിയാണ്. ഇതിന്റെ അവസാനബോർഡ് മീറ്റിംഗ് 14.10.98-ൽ നടന്നു.

(ബി) ബോർഡിന്റെയോ ക്ലെയിംസ് കമ്മിറ്റിയുടെയോ ബോർഡ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഗവൺമെന്റിന്റെയോ അനുവാദത്തോടെയാണ് ചീഫ് എക്സിക്യൂട്ടീവ് ക്ലെയിമിന്മേൽ അന്വേഷണം നടത്തേണ്ടത്.

(സി) ചീഫ് എക്സിക്യൂട്ടീവ് അടക്കമുള്ള ആകെ 9 പേരിൽ 6 പേരും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. ബാക്കി മൂന്നുപേർ സർക്കാർ സർവ്വീസിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്നു. ദിവസക്കൂലി നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന് വ്യവസ്ഥയില്ല.

(ഡി) ദിവസക്കൂലിയടിസ്ഥാനത്തിൽ ആറു ജീവനക്കാർ ജോലി ചെയ്തുവരുന്നു. സ്ഥിരപ്പെടുത്തുന്ന കാര്യം വെൽഫെയർ ബോർഡാണ് തീരുമാനിക്കേണ്ടത്.

വ്യാപാരക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കാൻ നടപടി

54(1877)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരക്ഷേമനിധി ബോർഡിന്റെ കാലാവധി കഴിഞ്ഞിട്ടും എത്രനാളായി ഇപ്പോൾ ബോർഡ് നിലവിലുണ്ടോ;

(ബി) ബോർഡിന്റെ കാലാവധിക്കുള്ളിൽ എത്ര ബോർഡുയോഗങ്ങൾ കൂടിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ബോർഡിന്റെ ഭരണം നടത്തിയിരുന്നതും ചെലവുകൾ ചെയ്തതും ബോർഡ് യോഗം കൂടി ബഡ്ജറ്റ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയിരുന്നോ;

(ഡി) ബോർഡിൽനിന്നും അംഗങ്ങളുടെ മരണാനന്തര സഹായം കൊടുക്കാതായിട്ട് എത്ര വർഷങ്ങൾ ആയി;

(ഇ) ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ബോർഡിന്റെ കാലാവധി 18.6.99-ൽ അവസാനിച്ചു.

(ബി) ആറു യോഗങ്ങൾ കൂടിയിട്ടുണ്ട്.

(സി) ബോർഡിന്റെ അംഗീകാരത്തോടുകൂടിയായിരുന്നു.

(ഡി) 2000 ജനുവരിവരെ മരണാനന്തര സഹായം നൽകിയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി

55(1878) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി എൻ.കെ. രാധ :

LIBRARY ARCHIVES Kerala Legislative Assembly